പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3824 17/10/2011 ൽ മറുപടിയ്ക്ക്

ആദിവാസി വിഭാഗങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിന് പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. എസ്. സുനിൽ കുമാർ | | ശ്രീമതി. പി.കെ. ജയലക്ഷ്മി (പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | ആദിവാസി വിഭാഗങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിന് എന്തെല്ലാം വികസന പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്; | (എ) | പട്ടികവർഗ്ഗ വിഭാഗങ്ങളെ വിദ്യാഭ്യാസത്തിലൂടെ ജീവിത നിലവാരം ഉയർത്തുന്നതിനും, അവരെ സമൂഹത്തിന്റെ മുഖ്യ ധാരയിൽ കൊണ്ടുവരുന്നതിനും ലക്ഷ്യം വെച്ചുള്ള ക്ഷേമ പദ്ധതികളാണ് പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്നത്. വിദ്യാഭ്യാസ പ്രായം ആകുന്നതു മുതൽ അവർക്ക് പ്രാഥമിക വിദ്യാഭ്യാസം മുതൽ പ്രൊഫഷണൽ കോഴ്സ് വരെയുള്ള പഠനാവശ്യങ്ങൾക്കായി സ്റ്റൈപ്പന്റ്, ലംപ്സംഗ്രാന്റ് എന്നിവ നൽകി വരുന്നുണ്ട്. നാലാം ക്ലാസ്സ് പഠനം പൂർത്തിയാക്കുന്ന മെച്ചപ്പെട്ട വിദ്യാഭ്യാസ നിലവാരം പുലർത്തുന്ന കുട്ടികളെ കണ്ടെത്തി അവർക്ക് താമസ സൗകര്യങ്ങളോടുകൂടിയ വിദ്യാഭ്യാസം 12-ാം ക്ലാസ്സു വരെ നൽകി വരുന്നുണ്ട്. ഇതിനു പുറമേ CBSE നിലവാരത്തിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം നൽകുന്നതിന് ഒരു CBSE സ്കൂൾ പ്രവർത്തിച്ചു വരുന്നുണ്ട്. 10-ാം ക്ലാസ്സ് കഴിയുന്ന വിദ്യാർത്ഥികൾക്ക് സാങ്കേതിക പരിശീലനത്തിലൂടെ തൊഴിലധിഷ്ഠിത പരിശീലനം നടത്തി അവരെ വിവിധ തൊഴിൽ മേഖലകളിൽ പ്രാവീണ്യമുള്ളവരാക്കി തീർക്കുന്നതിന് സഹായിക്കുന്നു. എല്ലാ ഭവന രഹിത പട്ടികവിഭാഗക്കാർക്കും വീടുകൾ നിർമ്മിച്ചു നൽകി വരുന്നു. ഇതിനുള്ള ധനസഹായം 1.25 ലക്ഷം രൂപയിൽ നിന്നും 2.5 ലക്ഷം |

| | | | |
|---|---|---|---|
| | | | രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. സമഗ്രവും സുതാര്യവുമായ ആധുനിക ചികിത്സാ രീതികൾ പ്രൈമറി ഹെൽത്ത് സെന്റർ മുതൽ മെഡിക്കൽ കോളേജ് വരെയുള്ള ആശുപത്രികളിൽ തുടങ്ങി. വിദ്യാഭ്യാസം, പാർപ്പിടം, ആരോഗ്യം തുടങ്ങിയ എല്ലാ മേഖലകളിലും ഉൾക്കൊണ്ടുള്ള, ഇവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനുള്ള ധാരാളം പദ്ധതികൾ വകുപ്പ് നിലവിൽ നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) | ആദിവാസി വിഭാഗങ്ങളുടെ സാമൂഹ്യവും സാംസ്കാരികവുമായ ജീവിതം സംബന്ധിച്ച പഠനങ്ങൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹ്യവും സാംസ്കാരികവും ഉൾപ്പെടെയുള്ള ജീവിത സംബന്ധമായ എല്ലാ കാര്യങ്ങളെക്കുറിച്ചും കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന KIRTADS പഠനം നടത്തിയിട്ടുണ്ട്. |
| (സി) | ചില ആദിവാസി സമൂഹം വംശനാശ ഭീഷണിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്തെങ്കിലും പഠനങ്ങൾ ഇത് സംബന്ധിച്ചുണ്ടായിട്ടുണ്ടോ? | (സി) | ആദിവാസി സമൂഹം വംശനാശ ഭീഷണി നേരിടുന്നതു സംബന്ധിച്ചുള്ള പഠനങ്ങളോ, അതുമായി ബന്ധപ്പെട്ടുള്ള റിപ്പോർട്ടുകളോ, തയ്യാറാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ